21 (*256) പാവപ്പെട്ട വിദ്യാർത്ഥികളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട വിദ്യാർത്ഥികളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ നാലുവർഷക്കാലത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര വിദ്യാർത്ഥികളെ കണ്ടെത്തി എത്ര രൂപ വീതം സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി)കേരള കലാമണ്ഡലത്തിൽ കലാവിഷയങ്ങളിൽ കൂടുതൽ മാർക്കു നേടി വിജയിച്ച ഏതാനും വിദ്യാർത്ഥികൾക്ക് വിസിറ്റിംഗ് പ്രൊഫസർമാരുടെ കീഴിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

കേരള സംഗീത നാടക അക്കാദമി അർഹരായ കുട്ടികൾക്ക് സ്റ്റൈപ്പന്റ് നൽകിവരുന്നു. കൂടാതെ തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ 4 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബി.ടി.എ. ത്രിവത്സര കോഴ്സിന് പ്രതിമാസം 400/- രൂപ വീതം സ്കോളർഷിപ്പു നൽകിവരുന്നു.

(സി) കേരള സംഗീത നാടക അക്കാദമി കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ അർഹരായ 125 കുട്ടികളെ കണ്ടെത്തി മാസംതോറും 75/- രൂപ വീതം സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ട്.

കേരള കലാമണ്ഡലം 1998-99 വർഷം 6 പേർക്കും 1999-2000 വർഷത്തിൽ 7 പേർക്കും പ്രതിമാസം 500/- രൂപ സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ട്.

22 (*257) മൈത്രി ഭവന നിർമ്മാണ പദ്ധതി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.പി. ബാലൻ വൈദ്യർ:
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രി പാർപ്പിട പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൈത്രിഭവന നിർമ്മാണ പദ്ധതിയനുസരിച്ച് എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമാക്കിയിട്ടുള്ളത്; ഇതിൽ എത്ര വീടുകളുടെ നിർമ്മാണമാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) മൈത്രിഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള വീടു നിർമ്മാണത്തിനുവേണ്ടി സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷക്കണക്കിനുരൂപ ജനകീയാസൂത്രണ പദ്ധതിപ്രകാരം ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ചിട്ടും വീടുകളുടെ നിർമ്മാണത്തിനു കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ഇ) മൈത്രിഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 1996 ഏപ്രിലിൽ ആരംഭിച്ച മൈത്രി പാർപ്പിട പദ്ധതിയിൽ 1999 ഒക്ടോബർ വരെ 1,63,598 പേർക്ക് വായ്പാനുവാദം നൽകുകയും 1,25,314 വീടുകൾ പൂർത്തിയാക്കുകയും ചെയ്തു. ആകെ 393.15 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചു.

(ബി) മൈത്രിഭവന നിർമ്മാണ പദ്ധതിയനുസരിച്ച് പ്രതിവർഷം ഒരു ലക്ഷം വീടുകൾ വീതം നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതനുസരിച്ച് 1999 ഒക്ടോബർ വരെ 125314 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി)&(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 31.10.99 വരെ 61209 വീടുകൾ നിർമ്മിക്കുന്നതിന് 7873 ലക്ഷം രൂപ ഹൗസിംഗ് ബോർഡിൽ അടച്ചിട്ടുണ്ട്.

ഇതുവരെ ഈ സ്ഥാപനങ്ങൾ അയച്ചുതന്ന 38038 അപേക്ഷകരിൽ 34207 പേർക്ക് വായ്പ അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഇ) മൈത്രിഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ അപകടമരണത്തിനും വീടിന്റെ നാശനഷ്ടങ്ങൾക്കുമെതിരെ 15 വർഷത്തേക്ക് മൊത്തം 90,000 രൂപ കവറേജ് വരുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

23 (* 258) സ്കൂൾ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം

ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ സാക്ഷരത സിദ്ധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സ്കൂളുകളിൽ കമ്പ്യൂട്ടർ സാക്ഷരത ഏർപ്പെടുത്തുന്നതിന് കേന്ദ്രഗവണ്മെന്റിൽനിന്ന് എന്തെല്ലാം പ്രോത്സാഹനങ്ങൾ ലഭിക്കുന്നുണ്ട്;

(സി) ഈ പ്രോത്സാഹനം സംസ്ഥാനത്ത് എത്രമാത്രം പ്രയോജനപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly